പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2644 | 10.12.2014- ൽ മറുപടിക്ക് |
|---|---|

## ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലെ ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്നും വൃത്തിഹീനമായ അന്തരീക്ഷത്തിൽ തയ്യാറാക്കുന്നവയും ആണെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആരോഗ്യ ഭക്ഷ്യ സുരക്ഷാ വകുപ്പുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ? | ബി) | ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നത് റയിൽവേയുടെ നയപ്രകാരമാണ്. സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന് ഇതു സംബന്ധിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കഴിയുകയില്ല. എന്നാൽ ഇത്തരത്തിലുള്ള വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് റെയിൽവേ ഡിവിഷണൽ മാനേജർക്കും ജനറൽ മാനേജർക്കും ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഇതിനകം കത്ത് നല്കിയിട്ടുണ്ട്. യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ട്രെയിനുകളിലും പ്ലാറ്റ് ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും, ചേരുവകളും, അളവും, ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും, പാൻട്രി കാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ |

| | | | |
|---|---|---|---|
| | | | എന്തൊക്കെയാണെന്നും, പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട്, വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന സർക്കുലർ റയിൽവേ ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**